**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2007** **29-07-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ സംഘങ്ങളുടെ പ്രവർത്തന വിപുലീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.പി .രാമകൃഷ്ണൻ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. ടി.ഐ.മധുസൂദനൻ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിനു വേണ്ടി 1969-ലെ കേരള സഹകരണ സംഘ നിയമം കാലോചിതമായി പരിഷ്കരിക്കണമെന്ന അഭിപ്രായം സർക്കാരിനുണ്ടോ; എങ്കിൽ അതിനുള്ള നടപടി ക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിനു വേണ്ടി 1969 ലെ കേരള സഹകരണ സംഘ നിയമം കാലോചിതമായി പരിഷ്കരിക്കണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, ഈ വിഷയത്തെ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് അഡീഷണൽ അഡ്വക്കേറ്റ് ജനറൽ അദ്ധ്യക്ഷനായി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സഹകരണ വകുപ്പ് നടപ്പാക്കിയ മുറ്റത്തെമുല്ല ലഘു വായ്പാ പദ്ധതി എത്രമാത്രം വിജയകരമായിരുന്നുവെന്ന വിലയിരുത്തൽ സർക്കാർ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (ബി) | ബ്ലേഡ് പലിശക്കാർ എന്ന മഹാവിപത്ത് ഗ്രാമീണ മേഖലയിൽ ഉണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾക്ക് ഒരു പരിധി വരെ അറുതി വരുത്തുന്നതിനും സമൂഹത്തിന്റെ താഴെ തട്ടിലുള്ളവർ കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽ നിന്നും ഒഴിവാക്കി, സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് 2018 ൽ സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് “ മുറ്റത്തെ മുല്ല” ഗ്രാമീണ ലഘു വായ്പാ പദ്ധതി. ടി പദ്ധതി പൈലറ്റ് പ്രോജക്ടായി പാലക്കാട് ജില്ലയിൽ മണ്ണാർക്കാട് റൂറൽ സഹകരണ സംഘത്തിലാണ് ആരംഭിച്ചത്. ആയത് വൻ വിജയമായതിനെ തുടർന്ന് സംസ്ഥാനത്തെ 14 ജില്ലകളിലേയ്ക്കും ടി പദ്ധതി വ്യാപിപ്പിക്കുകയും വിജയകരമായി നടപ്പിലാക്കി വരികയുമാണ്. 30.06.2021 വരെ ടി പദ്ധതി പ്രകാരം കുടുംബശ്രീ യൂണിറ്റുകൾ മുഖേന ആവശ്യക്കാർക്ക് 1207,00,52,457.00/- (ആയിരത്തി ഇരുന്നൂറ്റി ഏഴ് കോടി അൻപത്തി രണ്ടായിരത്തി നാന്നൂറ്റി അൻപത്തി ഏഴ് രൂപ) രൂപയുടെ വായ്പ വിതരണം നടത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കൂടുതൽ കുടുംബങ്ങൾക്ക് പ്രസ്തുത പദ്ധതിയുടെ ഗുണം ലഭിക്കുന്നതിനായി പദ്ധതി എല്ലാജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ? | (സി) | നിലവിൽ സംസ്ഥാനത്തെ 14 ജില്ലകളിലും മുറ്റത്തെ മുല്ല ലഘു വായ്പ പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ